**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ്- ജീവനക്കാര്യം - ആലുവ എക്സൈസ് സർക്കിൾ ഓഫീസിലെ സി.ആർ.28/2019 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിലെ അന്വേഷണത്തിലെ അപാകതയും ടി കേസിലെ അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചതിലെ വീഴ്ചയും ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി- തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.962/2024/TAXES തീയതി,തിരുവനന്തപുരം, 29-10-2024

---

പരാമർശം:-

1. എക്സൈസ് കമ്മീഷണറുടെ 05/11/2021, 11/06/2022, 18/12/2023,24/01/2024,21/10/2024 തീയതികളിലെ EXC/3593/2019-XE4 നമ്പർ കത്തുകൾ
2. 05/10/2023-ലെ നികുതി-എഫ്2/52/2020/നി.വ നമ്പർ കുറ്റാരോപണ മെമ്മോ
3. കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ.സജിത്ത് കുമാർ, ശ്രീ റ്റി എസ് ശശികുമാർ എന്നിവർ യഥാക്രമം 24/11/2023, 01/12/2023 തീയതികളിൽ സമർപ്പിച്ച എതിർവാദപത്രികകൾ
4. സ ഉ (സാധാ) നം 354/2024/നി വ തീയതി 25/04/2024
5. മധ്യമേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർ 14/10/2024 -ൽ സമർപ്പിച്ച JECCZ/202/2024-CZ1 നമ്പർ വാച്യാന്വേഷണ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

ആലുവ എക്സൈസ് സർക്കിൾ ഓഫീസിലെ സി.ആർ.28/2019 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിലെ അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയതിൽ 15.06.2019-ൽ ടി കേസിലെ പ്രതികൾ ടി കേസ് കൃത്രിമവും, വ്യാജവുമായി കെട്ടിച്ചമച്ചിട്ടുള്ളതാണെന്ന് പരാതി സമർപ്പിച്ചതിനെ തുടർന്ന് അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ടി പരാതിയിൻമേൽ അന്വേഷണം നടത്തി

സമർപ്പിച്ച റിപ്പോർട്ടിൽ ടി കേസ് കൃത്രിമമായി കെട്ടിച്ചമച്ചിട്ടുള്ളതാണെന്നും, വ്യാജമാണെന്നും ആയതിലേക്ക് പാർട്ടിയിലുണ്ടായിരുന്ന മുഴുവൻ എക്സൈസ് ഉദ്യോഗസ്ഥരും അവരുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ടി കേസ് അന്വേഷണം നടത്തി എഴുതി തള്ളണമെന്നും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നതായും ടി കേസിന്റെ അന്വേഷണം എറണാകുളം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറെ (എൻഫോഴ്സ്മെന്റ്) ചുമതലപ്പെടുത്തി ഉത്തരവായിരുന്നതായും പരാമർശം (1) പ്രകാരം എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2) ടി കേസിലെ പ്രതികൾ ബഹു. കേരള ഹൈക്കോടതിയിൽ Crl MC.No.8564/2019 നമ്പർ ഫയൽ ചെയ്തിനെ തുടർന്ന് ടി കേസിന്റെ തുടർനടപടികൾ ബഹു. കോടതി തടഞ്ഞുവച്ചിരുന്നതും, 26.03.2021 തീയതി കേസ് പരിഗണനയ്ക്കെടുത്തപ്പോൾ ടി കേസ് അന്വേഷണം പൂർത്തിയാകുമ്പോൾ റഫർ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കാനാണ് എല്ലാവിധ സാദ്ധ്യതയും എന്ന് ഗവൺമെന്റ് പ്ലീഡർ ബഹു. കോടതിയെ അറിയിച്ചതിനെ തുടർന്ന് കേസിന്റെ അന്വേഷണം തുടരാമെന്നും ചാർജ്ജ് ഷീറ്റ് സമർപ്പിക്കേണ്ടതില്ലായെന്നും ഉത്തരവായിരുന്നതായും എന്നാൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ശ്രീ റ്റി എസ് ശശികുമാർ ടി കേസിലേയ്ക്ക് അന്തിമ റിപ്പോർട്ടായി നൽകിയത് ചാർജ് ഷീറ്റാണെന്നും ടി ചാർജ്ജ് ഷീറ്റ് ബഹു. അങ്കമാലി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി Cc.No.379/2021 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതായും 06.07.2021 -ൽ കേസ് വീണ്ടും ബഹു. ഹൈക്കോടതി പരിഗണിച്ചപ്പോൾ ഗവൺമെന്റ് പ്ലീഡർ മുമ്പ് കോടതിയെ ധരിപ്പിച്ചതിനും 26.03.2021 -ലെ ബഹു. കോടതിയുടെ ഉത്തരവിനും വിരുദ്ധമായി കേസ് ചാർജ് ചെയ്തതിൽ കോടതി അമ്പരപ്പ് പ്രകടിപ്പിക്കുകയും Crl MC. No. 8564/2019 പ്രകാരം CC No. 379/2021 കേസിലെ തുടർനടപടികൾ തടഞ്ഞ് ഉത്തരവാകുകയും ചെയ്തിട്ടുള്ളതായും, കോടതിയിൽ മുമ്പ് ബോധിപ്പിച്ചതിന് വിരുദ്ധമായി കേസ് ചാർജ് ഷീറ്റ് ചെയ്തത് വഴി ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ ഓഫീസിന് കോടതിയിൽ അവമതിപ്പ് സൃഷ്ടിക്കപ്പെടാൻ ഇടയായിട്ടുള്ളതായും, ടി പ്രവർത്തി എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ പ്രതിഛായയ്ക്ക് മങ്ങലേല്പിക്കാൻ ഇടയായിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) ടി കേസിലെ അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറായ (എൻഫോഴ്സ്മെന്റ്) ശ്രീ.ജി.സജിത്ത് കുമാർ 27.10.2019-ൽ കേസിന്റെ അന്വേഷണം ഏറ്റെടുത്ത് 29.06.2020 വരെ അന്വേഷണം നടത്തി കേസിലെ പൊതു സാക്ഷികളുടെയും, ഡിപ്പാർട്ടുമെന്റ് സാക്ഷികളുടെയും മൊഴികൾ രേഖപ്പെടുത്തുകയും, സീൻ മഹസ്സർ തയ്യാറാക്കുകയും ചെയ്തിട്ടുള്ളതായും ടിയാൻ കേസ് അന്വേഷണത്തിലേക്കായി അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) റിപ്പോർട്ടിന്റെ പകർപ്പ് അഡീഷണൽ എക്സൈസ് കമ്മീഷണറുടെ ഓഫീസിൽ ആവശ്യപ്പെട്ടതിൻ പ്രകാരം ടിയാൻ നൽകിയിരുന്നതായും ടി റിപ്പോർട്ടിൽ മഹസ്സർ സാക്ഷികളായിട്ടുള്ള മുഹമ്മദ് റിയാസ്, മുഹമ്മദ് ഫാസിൽ എന്നിവർ നൽകിയിരിക്കുന്നത് കേസ് കണ്ടെടുത്ത ദിവസം ടിയാന്മാർ റൂമിലായിരുന്നുവെന്നും ഉദ്ദേശം പകൽ 3.00 മണിയോടുകൂടി ആരോ ഡോറിൽ തട്ടുന്നതുകേട്ട് ഡോർ തുറന്നപ്പോൾ യൂണിഫോം ഇട്ട ഒരാൾ അകത്തുകയറുകയും ഒന്ന് രണ്ട് ബാഗുകൾ

പരിശോധിക്കുകയും ചെയ്തുവെന്നും, അതിനുശേഷം പുറത്തിറങ്ങുകയും അവിടെയുണ്ടായിരുന്ന ഒരു പ്ലാസ്റ്റിക് കവറിലുള്ള ചെറിയ പൊതി കാണിച്ചിട്ട് ഇത് അപ്പുറത്തെ റൂമിൽ നിന്നും കണ്ടെടുത്ത കഞ്ചാവാണെന്ന് പറയുകയും, തങ്ങളുടെ പേരും അഡ്രസ്സും വെള്ളപേപ്പറിൽ കുറിച്ചെടുത്ത് അതിൽ ഒപ്പിട്ട് വാങ്ങുകയും ചെയ്തുവെന്നും, ടി കഞ്ചാവ് കണ്ടെടുക്കുന്നതോ, തൂക്കി നോക്കുന്നതോ തങ്ങൾ കണ്ടിട്ടില്ലായെന്നും തങ്ങളെ കാണിച്ച മഹസ്സറിൽ ഒപ്പിട്ട് കൊടുത്തിട്ടില്ലായെന്ന് പറഞ്ഞതായും എന്നാൽ അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയ മൊഴികളിൽ എസ്.ആർ ലേഡീസ് ഹോസ്റ്റൽ ആന്റ് ക്യാന്റിന് മുൻവശം വച്ച് റോഡിൽ കഞ്ചാവ് കണ്ടെടുക്കുന്നത് സാക്ഷികൾ കണ്ടു എന്നും ടി കഞ്ചാവ് ഉദ്യോഗസ്ഥർ പരിശോധിച്ച് തങ്ങളെയും ബോധ്യപ്പെടുത്തിയെന്നും പ്രതികളെ അറസ്റ്റ് ചെയ്യാൻ തയ്യാറാക്കിയ രേഖകളിൽ ടിയാന്മാർ ഒപ്പിട്ട് രേഖപ്പെടുത്തിയിരിക്കുന്നുവെന്നും, ടിയാൻ പൊതു സാക്ഷികളുടെ മൊഴികളിലെ വൈരുദ്ധ്യത്തെ കുറിച്ചോ അഡീഷണൽ എക്സൈസ് കമ്മീഷണർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ വസ്തുതകളെക്കുറിച്ചോ അന്വേഷിച്ചിട്ടുള്ളതായി കാണുന്നില്ലായെന്നും, കേസ് ഡയറിയിൽ മൊഴികളിലെ വൈരുദ്ധ്യങ്ങളെക്കുറിച്ചോ അഡീഷണൽ എക്സൈസ് കമ്മീഷണർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ വസ്തുതകളെ കുറിച്ചോ രേഖപ്പെടുത്തുകയോ അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങളെപ്പറ്റി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലായെന്നും ആയത് ടി കേസിനെ സംബന്ധിച്ച് ഗുരുതരമായ കൃത്യവിലോപമായി കാണുന്നുവെന്നും അഡീഷണൽ എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നുവെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് പരാമർശം (1) പ്രകാരം ചെയ്തിരുന്നതിനാൽ റിട്ട.അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറായ (എൻഫോഴ്സ്മെന്റ്) ശ്രീ.സജിത്ത് കുമാർ -ന്റെ മേൽ പ്രവൃത്തി ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ വീഴ്ചയും ഗുരുതരമായ കൃത്യവിലോപവുമാണ് വെളിവായതിനാലും ടിയാൻ 31.05.2021 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും ടിയാനെതിരെ കേരള സർവ്വീസ് റൂളുകളിലെ Part III Rule 3(b) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന് പരാമർശം (2) പ്രകാരം കുറ്റാരോപണമെമ്മോ നൽകിയിരുന്നു.

4) തുടർന്ന് 30.06.2020 തീയതി അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ശ്രീ റ്റി എസ് ശശികുമാർ ടി കേസിന്റെ അന്വേഷണം ഏറ്റെടുത്തതായി സി.ഡി യിൽ രേഖപ്പെടുത്തിയതല്ലാതെ യാതൊരുവിധ അന്വേഷണവും നടത്തിയതായി കാണുന്നില്ലായെന്നും കൂടാതെ ടിയാൻ കേസിന്റെ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുകയും, ബഹു.ഹൈക്കോടതി ടി കേസിന്റെ തുടരന്വേഷണം നടത്താൻ അനുവദിക്കുകയും എന്നാൽ ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുന്നത് തടയുകയും ചെയ്തിട്ടുള്ളതാണെന്നും എന്നാൽ 31.03.2021 തീയതി ടി കേസിലെ ചാർജ്ജ് ഷീറ്റ് അങ്കമാലി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ അന്വേഷണ ഉദ്യോഗസ്ഥനായ ശ്രീ റ്റി എസ് ശശികുമാർ സമർപ്പിച്ചതായും, ടിയാൻ അഡീഷണൽ എക്സൈസ് കമ്മീഷണർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ വസ്തുതകളെക്കുറിച്ച് അന്വേഷിച്ചിട്ടുള്ളതായോ, പൊതുസാക്ഷികളുടെ മൊഴികളിലെ വൈരുദ്ധ്യത്തെക്കുറിച്ച് ചോദിച്ചിട്ടുള്ളതായോ, ടിയാന്റെ നിഗമനങ്ങൾ കേസ് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുള്ളതായോ കാണുന്നില്ലായെന്നും ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ച 31.03.2021-ൽ തന്നെ ടി കേസിലെ ചാർജ്ജ്ഷീറ്റ് അങ്കമാലി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ചത് ഗൗരവകരമായി കാണുകയും ടിയാന്റെ മേൽ പ്രവൃത്തി ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയും ഗുരുതരമായ കൃത്യവിലോപവും ബഹു.ഹൈക്കോടതിയുടെ

ഉത്തരവിന്റെ ലംഘനവുമാണെന്ന് കാണുകയും ടിയാൻ 31.03.2021 -ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാനെതിരെ കേരള സർവ്വീസ് റൂളുകളിലെ Part III Rule 3(b) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന് പരാമർശം (2) പ്രകാരം കുറ്റാരോപണമെമ്മോ നൽകിയിരുന്നു.

5) കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ.സജിത്ത് കുമാർ ,ശ്രീ റ്റി എസ് ശശികുമാർ എന്നിവർ പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

<u>ശ്രീ റ്റി എസ് ശശികുമാർ, റിട്ട.അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ</u>

"കുറ്റാരോപണ മെമ്മോയ്ക്ക് ആസ്പദമായ ആലുവ എക്സൈസ് സർക്കിൾ ഓഫീസിലെ എൻ.ഡി.പി.എസ് ക്രൈം 28/19 എന്ന കേസ് 30/06/2020 മുതൽ ഞാൻ അന്വേഷണം ഏറ്റെടുത്തിട്ടുള്ളതാണ്. തത്സമയം ഈ കേസിന്റെ അന്വേഷണം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്ത നിലയിൽ ആയിരുന്നതിനാൽ സ്റ്റേ വെക്കേറ്റ് ചെയ്യുവാനുള്ള അപേക്ഷ ഞാൻ സമർപ്പിക്കുകയും കേസന്വേഷണം തുടരുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിടുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് ഞാൻ കേസ് ഫയൽ പരിശോ ധിച്ചതിൽ എന്റെ മുൻഗാമിയായ റിട്ടയേർഡ് അസിസ്റ്റന്റ് എക്സൈസ് കമ്മീ ഷർ ശ്രീ. ജി. സജിത്കുമാർ കേസിലെ മഹസ്സർ സാക്ഷികളുടെ മൊഴി രേഖ പ്പെടുത്തിയത് പരിശോധിച്ചതിൽ എല്ലാ സാക്ഷികളും പ്രതികളുടെ താമസ സ്ഥലത്തു നിന്നും കഞ്ചാവ് കണ്ടെടുത്തു എന്നും ടി കഞ്ചാവ് ഉദ്യോഗസ്ഥർ പരിശോധിച്ച് തങ്ങളെ ബോദ്ധ്യപ്പെടുത്തിയതായി മൊഴി നൽകിയതെന്നും എനിക്ക് ബോദ്ധ്യം വന്നിട്ടുള്ളതാണ്. ഞാൻ അന്വേഷണം ഏറ്റെടുക്കുന്ന സമയം ടി കേസിൽ അഡീഷ്ണൽ എക്സൈസ് കമ്മീഷ്ണറുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പോ അഡീഷണൽ കമ്മീഷണറുടെ അന്വേഷണത്തിലെ കണ്ടെത്തലുകളെ പരിഗണിക്കണമെന്ന ഉന്നത ഉദ്യോഗസ്ഥരുടെ യാതൊരുവിധ നിർദ്ദേശമോ കണ്ടിരുന്നില്ല. മേൽ സാഹചര്യത്തിൽ എന്റെ മുൻഗാമി നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകളെ പരിഗണിക്കുവാനും എനിക്ക് നിർവാഹമുണ്ടായിരുന്നുള്ളൂ. മേൽ സാഹചര്യത്തിൽ എന്റെ മുൻഗാമിയായ ജി. സജിത്കുമാർ രേഖപ്പെടുത്തിയ മൊഴികളുടെ അടിസ്ഥാനത്തിൽ ഈ കേസ്സിലെ പ്രതികൾ കുറ്റം ചെയ്തു എന്ന് പ്രഥമ ദൃഷ്ട്യാ ബോദ്ധ്യം വന്നതിനാൽ ചാർജ്ജ് ഷീറ്റ് തയ്യാറാക്കി വെയ്ക്കുകയും ചെയ്തു. ഈ കേസ് നിലവിലുള്ള എൻ.ഡി.പി.എസ് നിയമ പ്രകാരം Small Quantity കേസ് ആയതിനാൽ കോടതി മുമ്പാകെ കുറ്റം സമ്മതിച്ച് പിഴ അടയ്ക്കുന്ന ഗൗരവതരമല്ലാത്ത കുറ്റമായതിനാൽ വിശദമായ അന്വേഷണ കുറിപ്പുകൾ കേസ് ഡയറി യിൽ രേഖപ്പെടുത്തുക പതിവില്ല. കേരളത്തിലെ ഏത് എക്സൈസ് ഓഫീസിലെ ഇത്തരം കേസ് ഫയലുകൾ പരിശോധിച്ചാൽ ഈ കാര്യം വ്യക്തമാകുന്നതാണ്. ഞാൻ അന്വേഷണം ഏറ്റെടുത്തതിനു ശേഷം ഒരിക്കൽ പോലും ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡർ ഞാനുമായി ബന്ധപ്പെടുകയോ ചർച്ച ചെയ്യുകയോ, ഈ കേസ് എഴുതി തള്ളുകയാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഉറപ്പു കൊടുത്ത വിവരം എന്നെ വാക്കാലോ രേഖാമൂലമോ അറിയിച്ചിട്ടില്ല. 31/03/2021 ന് ഞാൻ റിട്ടയർ ചെയ്യുന്ന ദിവസം ജില്ലയിലെ മറ്റ് കീഴ് ഓഫീസുകളിൽ കണ്ടെടുത്തിട്ടുള്ള ഇത്തരം Small Quantity കേസുകൾ ചാർജ് ഷീറ്റ് തയ്യാറാക്കി കോടതി മുമ്പാകെ ഹാജരാക്കുവാൻ വെച്ചിരുന്നു. റിട്ടയർ ചെയ്യുന്ന ദിവസം അവയെല്ലാം ഒപ്പിട്ട് കൊടുത്തതിനിടയിൽ മനപൂർവമല്ലാത്ത അശ്രദ്ധ

കൊണ്ട് ഞാൻ ഈ കേസിന്റെ ചാർജ്ജ് ഷീറ്റും അബദ്ധത്തിൽ ഒപ്പിട്ടുകയും മജിസ്ട്രേറ്റ് കോടതി മുമ്പാകെ ആയത് ഹാജരാക്കുകയും ചെയ്തു.ടി കേസന്വേഷണവുമായി ബന്ധപ്പെട്ട് എന്റെ ഭാഗത്ത് നിന്നും ഉണ്ടായ മനപൂർവ്വമല്ലാതെ വന്ന വീഴ്ച മാപ്പാക്കണമെന്ന് അപേക്ഷിക്കുന്നു. എനിക്കെ തിരെയുള്ള അച്ചടക്ക നടപടികൾ പിൻവലിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു."

<u>ശ്രീ.സജിത് കുമാർ, റിട്ട.അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ</u>

"ഞാൻ 04.09.2019 മുതൽ 30.06.2020 തീയതി വരെ എറണാകുളം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ആയി സേവനം അനുഷ്ഠിച്ചിരുന്നു. ഈ കാലയളവിൽ ആലുവ എക്സൈസ് സർക്കിൾ ആഫീസിലെ NDPS CR No.28/2019 നമ്പർ കേസിന്റെ അന്വേഷണ ചുമതല എന്നിൽ നിക്ഷിപ്തമായിരുന്നു. കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി കേസിലെ വകുപ്പ സാക്ഷികളുടേയും സ്വതന്ത്രസാക്ഷികളുടെയും മൊഴികൾ രേഖപ്പെടുത്തുകയും സീൻ മഹസ്സർ തയ്യാറാക്കുകയും ചെയ്തിട്ടുള്ളതാണ്. ടി കേസിനെ സംബന്ധിക്കുന്നതായ അന്നത്തെ അഡീഷണൽ എക്സൈസ് കമ്മീഷണറുടെ അന്വേഷണ റിപ്പോർട്ടും (25.07.2019 ലെ A/ADEC-57/19) ഞാൻ കൈപ്പറ്റിയിട്ടുള്ളതാണ്. ടി കേസിനെപ്പറ്റി അഡീഷണൽ എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിൽ ടി കേസ് വ്യാജമാണ് എന്നായിരുന്നു രേഖപ്പെടുത്തിയിരുന്നത്. എന്നാൽ അന്വേഷണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ കേസിലെ സാക്ഷി മൊഴികൾ രേഖപ്പെടുത്തുകയും ആ കേസിന്റെ അന്വേഷണ നടപടിയുടെ ഭാഗമായി കൃത്യസ്ഥലത്തു പോയി സീൻ മഹസ്സർ തയ്യാറാക്കുകയുമാണ് ചെയ്തത്. യാതൊരുവിധ മുൻവിധികളോടും കൂടെയല്ല ഞാൻ അന്വേഷണം നടത്തിയിട്ടുള്ളത്. ബഹു.അഡീഷണൽ എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പരിഗണിക്കാതിരുന്നത് മന:പൂർവ്വമല്ല എന്നു ബോധിപ്പിക്കുന്നു. ഒരു കേസിന്റെ അന്വേഷണത്തിലെ നടപടിക്രമം എന്ന നിലയിലാണ് അന്വേഷണം നടത്തിയത്. കേസ്സന്വേഷണത്തിൽ എന്റെ ഭാഗത്തുനിന്നും യാതൊരുവിധ അലംഭാവവും ഉണ്ടായിട്ടില്ലാത്തതാണ്. എക്സൈസ് വകുപ്പിലെ സേവനകാലയളവിൽ എനിക്കെതിരെ യാതൊരുവിധ അച്ചടക്കനടപടിയും ഉണ്ടായിട്ടില്ല. വകുപ്പിന് അവമതിപ്പ് ഉണ്ടാകുന്ന രീതിയിൽ യാതൊരുവിധത്തിലുള്ള പ്രവർത്തികളും നാളിതുവരെയായി ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട അഡീഷണൽ കമ്മീഷണറുടെ റിപ്പോർട്ടിലെ പരാമർശങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്താൻ കഴിയാതിരുന്നത് മന:പൂർവ്വമായ ഒരു വീഴ്ചയായി കാണരുതെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു. ഞാൻ 31.05.2021 ൽ സർവ്വീസിൽ നിന്നും പിരിഞ്ഞു പോന്നിട്ടുള്ളതാണ്. നാളിതുവരെ സർവ്വീസിലുള്ളപ്പോഴും അതിനുശേഷവും ഞാൻ ജോലി ചെയ്ത വകുപ്പിനോടും എനിക്ക് കടപ്പാടും നന്ദിയും ഉണ്ടെന്നും അറിയിക്കുന്നു. ആയതിനാൽ ഈ വിശദീകരണം സമക്ഷത്തിൽ സ്വീകരിച്ചു സ്വീകരിക്കാനൊരുങ്ങുന്ന (പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ കുറവു ചെയ്യാനുള്ള) ശിക്ഷണനടപടികളിൽ നിന്നും ഒഴിവാക്കിതരണമെന്നും താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.'

6) എതിർവാദപത്രികകളിൻമേൽ എക്സൈസ് കമ്മീഷണർ പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം അറിയിച്ചിരുന്നു.

"എറണാകുളം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറായിരുന്ന ശ്രീ. സജിത്ത് കുമാറിന് 27.10.2019 മുതൽ 29.06.2020 വരെ ടി കേസിന്റെ അന്വേഷണ ചുമതല ഉണ്ടായിരുന്നു. ശ്രീ. ജി.സജിത്ത്കുമാർ സമർപ്പിച്ച മറുപടി പ്രകാരം കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി കേസിലെ വകുപ്പ് സാക്ഷികളുടെയും സ്വതന്ത്ര സാക്ഷികളുടെയും മൊഴികൾ രേഖപ്പെടുത്തിയിരുന്നതായും സീൻ മഹസ്സർ തയ്യാറാക്കിയിരുന്നതായും, കേസിനെ സംബന്ധിക്കുന്നതായ അഡീഷണൽ എക്സൈസ് കമ്മീഷണറുടെ അന്വേഷണ റിപ്പോർട്ടും കൈപ്പറ്റിയിരുന്നതായും ബോധിപ്പിച്ചിട്ടുള്ളതാണ്. ടി കേസിനെപ്പറ്റി അഡീഷണൽ എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിൽ കേസ് വ്യാജമാണെന്ന് രേഖപ്പെടുത്തിയിരുന്നുവെങ്കിലും അന്വേഷണ ഉദ്യോഗസ്ഥനെന്ന നിലയിൽ കേസിലെ സാക്ഷി മൊഴികൾ രേഖപ്പെടുത്തിയിരുന്നതായും, സീൻ മഹസ്സർ തയ്യാറാക്കിയതായും ആയത് യാതൊരു മുൻവിധികളോടയല്ലാ ചെയ്തതെന്നും അഡീഷണൽ എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പരിഗണിക്കാതിരുന്നത് മനപൂർവ്വമല്ലായെന്നും ബോധിപ്പിച്ചിരിക്കുന്നു. ഒരു കേസിന്റെ അന്വേഷണത്തിലെ നടപടിക്രമം എന്ന നിലയിലാണ് അന്വേഷണം നടത്തിയതെന്നും, കേസന്വേഷണത്തിൽ ടിയാന്റെ ഭാഗത്തുനിന്നും യാതൊരുവിധ അലംഭാവവും ഉണ്ടായിട്ടില്ലായെന്നും എക്സൈസ് വകുപ്പിലെ സേവനകാലയളവിൽ യാതൊരുവിധ അച്ചടക്കനടപടിയും ഉണ്ടായിട്ടില്ലായെന്നും, വകുപ്പിന് അവമതിപ്പുണ്ടാകുന്ന രീതിയിൽ യാതൊരുവിധത്തിലുള്ള പ്രവർത്തികളും നാളിതുവരെയായി ഉണ്ടായിട്ടില്ലായെന്നും, അഡീഷണൽ എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിലെ പരാമർശങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്താൻ കഴിയാതിരുന്നത് മനപൂർവ്വമായ ഒരു വീഴ്ചയായി കാണരുതെന്നും, 31.05.2021-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും, ആയതിനാൽ ഈ വിശദീകരണം അംഗീകരിച്ച് ശിക്ഷാനടപടികൾ ഒഴിവാക്കണമെന്ന് അപേക്ഷിച്ചിട്ടുള്ളതാണ്.അഡിഷണൽ എക്സൈസ് കമ്മീഷണർ കണ്ടെത്തലുകളിന്മേൽ വിശദമായ അന്വേഷണം (എൻഫോഴ്സ്മെന്റ്)-ന്റെ നടത്തി തുടർനടപടി സ്വീകരിക്കാതിരുന്നത് ടിയാന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെങ്കിലും, സർവ്വീസിൽ നിന്നും 31.05.2021-ൽ വിരമിച്ചത് പരിഗണിച്ച് ടിയാനെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയിന്മേൽ ഉദാരമായ സമീപനം സ്വീകരിച്ചുകൊണ്ട് ടിയാൻ സമർപ്പിച്ച മറുപടി പരിഗണിക്കാവുന്നതാണ്.

അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ന്റെ കണ്ടെത്തലുകളിന്മേൽ വിശദമായ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കുന്നതിൽ ടി എൻ.ഡി.പി.എസ് കേസിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിച്ച അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ആയിരുന്ന സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. ശശികുമാർ.റ്റി.എസ്-ന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും കൂടാതെ ടി കേസിലെ പ്രതികൾ ബഹു. ഹൈക്കോടതിയിൽ Crl. MC No. 8564/19 ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി CR 28/19-ന്റെ തുടർനടപടി താൽക്കാലികമായി സ്റ്റേ ചെയ്യുകയുമുണ്ടായിയെന്നും തുടർന്ന് ബഹു. ഹൈക്കോടതി 26.03.2021-ലെ ഉത്തരവിൽ ടി കേസിന്റെ അന്വേഷണം തുടരുന്നതിനും, എന്നാൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാൻ പാടില്ലായെന്നും നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് നൽകുകയുണ്ടായിയെന്നും എന്നാൽ കേസിന്റെ അന്വേഷണം നടത്തിയ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ശ്രീ. ശശികുമാർ.റ്റി.എസ് 31.03.2021-ൽ ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ബഹു. അങ്കമാലി Judicial First Class Magistrate Court-ൽ സമർപ്പിക്കുകയും ആയത് സി.സി നം. 379/21 ആയി

ഫയലിൽ സ്വീകരിക്കുകയും ചെയ്തു. 06.07.2021-ൽ ബഹു. ഹൈക്കോടതി Crl. MC No. 8564/19-ലെ ഉത്തരവിൽ ടി കേസിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചത് ബഹു. കോടതി ഉത്തരവിന് വിരുദ്ധമായതിനാൽ സ്റ്റേ ചെയ്യുകയുണ്ടായി.തുടർന്ന് 04.08.2021-ലെ ഉത്തരവിൽ ടി കേസിൻ്റെ ഒക്കറൻസ് റിപ്പോർട്ട് റദ്ദാക്കുകയും Crl. MC അനുവദിച്ചുകൊണ്ട് ഉത്തരവാകുകയുണ്ടായിയെന്നും കൂടാതെ അന്തിമ റിപ്പോർട്ട് സമർപ്പിച്ച അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ആയിരുന്ന സർവ്വീസിൽ നിന്നും വിരമിച്ച അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ശ്രീ. ശശികുമാർ.റ്റി.എസ്-നോട് വിശദീകരണം ആരാഞ്ഞുകൊണ്ട് കോടതിയലക്ഷ്യ നടപടിയ്ക്ക് നോട്ടീസ് നൽകുകയുണ്ടായിയെന്നും മേൽ സാഹചര്യത്തിൽ ടിയാൻ സമർപ്പിച്ച മറുപടി പരിഗണനാർഹമല്ലായെന്ന് വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. "

7) ടിയാമാർക്കെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി മധ്യമേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണറെ വാച്യാന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ മധ്യമേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർ പരാമർശം (5) പ്രകാരം സമർപ്പിച്ച വാച്യാന്വേഷണ റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

"നാളിതുവരെ നടത്തിയ അന്വേഷണത്തിലും, DO1 (ശ്രീ.ജി.സജിത്ത് കുമാർ) , DO2 (ശ്രീ. ശശികുമാർ.റ്റി.എസ്) എന്നിവരുടെ മൊഴികളിലും, പ്രതിരോധത്തിലും കേസിലെ അരോപണങ്ങൾക്ക് ഇടയാക്കിയ രേഖകളും, വസ്തുതകളും പരിശോധിച്ചതിലും ബഹു. കോടതിയിൽ ഗവ. പ്ലീഡർ വാക്കാൽ അറിയിച്ചിരുന്നതിനു വിരുദ്ധമായി ടി കേസിലെ അന്തിമ റിപ്പോർട്ട് DO2 കോടതിയിൽ സമർപ്പിച്ചിരുന്നതായും, അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) -ന്റെ റിപ്പോർട്ടിലെ കണ്ടെത്തലുകൾക്ക് പൊരുത്തപ്പെടാത്ത തരത്തിൽ DO1 ടി കേസിൽ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു എന്നാൽ ടി വിഷയത്തിൽ ഗവ. പ്ലീഡർ ബഹു. കോടതിയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന DO2 വിനെ രേഖാമൂലമോ, അല്ലാതെയോ അറിയിച്ചു എന്നത് സാധൂകരിക്കുന്ന യാതൊരു തെളിവുകളും ലഭിച്ചിട്ടില്ല. DO2 വിരമിക്കുന്ന മാർച്ച് മാസത്തിൽ തന്നെ ടി കേസിനോടൊപ്പം അന്വേഷണത്തിലിരുന്ന മറ്റ് 3 മേജർ NDPS കേസുകളുടെയും (NDPS CR 3/2021 ECO, Kunnathunadu, NDPS CR 41/2020 EE&ANSS, Ernakulam, NDPS CR 10/2020 ECO, Aluva), 7 മൈനർ ക്വാണ്ടിറ്റി കേസുകളുടെയും അന്തിമ റിപ്പോർട്ടുകൾ ബഹു. കോടതികളിൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നതിനാൽ ഈ കേസിൽ മനഃപൂർവ്വമായി പ്രത്യേക താല്പര്യം എടുത്ത് അന്തിമ റിപ്പോർട്ട് നൽകിയതായി കാണുന്നില്ല. കൂടാതെ, ടി കേസിന്റെ അന്തിമ റിപ്പോർട്ട് നൽകുന്നതിന് DO2 വിന് പ്രത്യേക താല്പര്യം ഉണ്ടായിരുന്നു എന്നത് സാധൂകരിക്കുന്ന യാതൊരുവിധ തെളിവുകളും ലഭിച്ചിട്ടില്ലാത്തതാണ്. ഗൗരവം കുറഞ്ഞ കേസാണെങ്കിലും കേസ് ഡയറിയിൽ അന്വേഷണ വിവരങ്ങൾ രേഖപ്പെടുത്താതിരുന്നത് DO2 വിന്റെ ഭാഗത്ത് നിന്നും ഉണ്ടായ വീഴ്ച്ചയാണെന്ന് കാണുന്നു. എന്നിരുന്നാലും, ആയത് ഗുരുതര അച്ചടക്കനടപടികൾ സ്വീകരിക്കത്തക്ക കുറ്റമായി കണക്കാക്കുവാൻ കഴിയുന്നതല്ല. DO1 ടി കേസിൽ ബഹു. കോടതിയുടെ അനുവാദത്തോടെ അന്വേഷണം മാത്രമേ നടത്തിയിട്ടുള്ളൂ. അന്തിമ റിപ്പോർട്ട് ടിയാൻ നൽകിയിട്ടില്ലാത്താണ്. ഗവ. പ്ലീഡർ ബഹു. കോടതിയിൽ വാക്കാൽ അറിയിച്ചിരുന്നതിന് വിരുദ്ധമായി യാതൊന്നും DO1 പ്രവർത്തിച്ചതായി കാണുന്നില്ല. ടി കേസിലെ അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന DO1 ന് അന്വേഷണമദ്ധ്യേ സ്ഥലംമാറ്റം

ലഭിച്ചതിനാൽ മൊഴികളിലെ വൈരുദ്ധ്യങ്ങൾ പരിശോധിക്കുന്നതിനോ, കേസ് സംബന്ധിച്ച് വ്യക്തമായ ഒരു നിഗമനത്തിൽ എത്തുന്നതിനോ സാവകാശം ലഭിച്ചിരുന്നില്ലായെന്നത് പൂർണ്ണമായും ശരിയാണെന്ന് കാണുന്നു. ആയതിനാൽ, ടിയാനെതിരെയുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതല്ലെന്നും ബോധ്യമായിട്ടുള്ളതാണ്. DO2 ബഹു. ഹൈക്കോടതിയുടെ ഉത്തരവിനു വിരുദ്ധമായി ടി കേസിന്റെ അന്തിമ കുറ്റപത്രം ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുള്ളതായി ബോധ്യമായിട്ടുണ്ടെങ്കിലും DO2 വിന് എതിരായി ബഹു. ഹൈക്കോടതി Crl. MC No.8564/2019 ആയി Contempt of Court നടപടി സ്വീകരിച്ചിട്ടുള്ളതിനാലും, ആയത് തുടർന്ന് വരുന്നതിനാലും DO2 വിന് എതിരായി ടി വിഷയത്തിൽ നിലവിൽ മറ്റ് അച്ചടക്കനടപടികൾ സ്വീകരിക്കുന്നത് ഉചിതമല്ലായെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു."

8) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മധ്യമേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർ സമർപ്പിച്ച വാച്യാന്വേഷണ റിപ്പോർട്ടിൽ ശ്രീ.സജിത്ത് കുമാറിനെതിരായ ആരോപണങ്ങൾ നിലനിൽക്കുന്നതല്ലെന്നും, ശ്രീ റ്റി എസ് ശശികുമാറിനെതിരെ Contempt of Court നടപടി സ്വീകരിച്ചിട്ടുള്ളതിനാലും, ആയത് തുടർന്ന് വരുന്നതിനാലും ടിയാനെതിരായി ടി വിഷയത്തിൽ നിലവിൽ മറ്റ് അച്ചടക്കനടപടികൾ സ്വീകരിക്കുന്നത് ഉചിതമല്ലായെന്നും അറിയിച്ചിട്ടുള്ളതാണ്. ആയത് കണക്കിലെടുത്തും ടിയാളുകൾ സർവ്വീസിൽനിന്നും വിരമിച്ചതാണെന്ന വസ്തുത പരിഗണിച്ചും ഇക്കാര്യത്തിൽ അനുകമ്പാർഹമായ സമീപനം സ്വീകരിച്ച് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരായിരുന്ന ശ്രീ.ജി.സജിത്ത് കുമാർ, ശ്രീ. ശശികുമാർ.റ്റി.എസ് എന്നിവർക്കെതിരായി സ്വീകരിച്ചുവന്നിരുന്ന അച്ചടക്ക നടപടികളിലെ മേൽ നടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്(എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 29-10-2024 13:27:45
സെക്ഷൻ ഓഫീസർ